**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1931** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയ്ക്കായി സാമ്പത്തിക പാക്കേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയ്ക്കായി എത്ര സാമ്പത്തിക പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | ഇടുക്കി ജില്ലയുടെ സാമൂഹിക സാമ്പത്തികപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ജില്ലാ വികസന പദ്ധതികൾ, കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകൾ, സഹകരണ മേഖല, സ്വകാര്യ മേഖല എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് ഒരു പ്രത്യേക വികസന പാക്കേജാണ് പ്രഖ്യാപിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത പാക്കേജുകൾക്കായി എത്ര തുക പ്രഖ്യാപിച്ചിട്ടുണ്ട്; വിവിധ പാക്കേജുകളുടെ നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കു പുറമേ പാക്കേജിൽ നിർദ്ദേശിക്കുന്ന പദ്ധതികൾ ജില്ലാതലത്തിൽ ഏറ്റെടുക്കുന്നതിനായി പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ആദ്യ വർഷമായ 2022-23 ൽ 75 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.22/11/2021ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതിയിൽ കൂടിയ യോഗത്തിൽ പാക്കേജ് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യുവാൻ 18/03/2022, 19/03/2022 എന്നീ തീയതികളിൽ സംസ്ഥാന ആസൂത്രണബോർഡിലെ മെമ്പർ (കൃഷി വിഭാഗം), ചീഫ് (കൃഷി വിഭാഗം) എന്നിവരുടെ സാന്നിദ്ധ്യത്തിൽ ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ, ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുമായി സമഗ്ര യോഗം ചേരുകയുണ്ടായി. പാക്കേജിന്റെ നടത്തിപ്പിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറായ ശ്രീ.ജീവൻ ബാബു,ഇടുക്കി ജില്ലാ കളക്ടർ എന്നിവർ കോ ചെയർപേഴ്സൺമാരായി 8 വിദഗ്ധർ അടങ്ങിയ ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലാ വികസന കമ്മീഷണറെ പാക്കേജിന്റെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലാകളക്ടർ സമർപ്പിച്ച പ്രോജക്ടുകളുടെ ലിസ്റ്റ് |

| | | | |
|---|---|---|---|
| | | | പരിശോധിക്കുകയും മുൻഗണനാക്രമം നിശ്ചയിക്കുകയും ചെയ്ത് പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (സി) | ഇടുക്കിയുടെ വികസനത്തിനായി കൃഷി, ടൂറിസം, തുടങ്ങിയ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് മുൻഗണന നൽകി പ്രസ്തുത പാക്കേജുകൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സാമൂഹികമായും സാമ്പത്തികമായും പാരിസ്ഥിതികമായും സുസ്ഥിരമായ രീതിയിൽ ജില്ലയുടെ സന്തുലിതവും സമഗ്രവുമായ വികസനത്തിനുതകുന്ന പദ്ധതികൾക്കെല്ലാം തന്നെ പാക്കേജിൽ മുൻഗണന നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ